AXIS BANK

CASA – AOF for Non – Individuals

**നിബന്ധനകളും വ്യവസ്ഥകളും**

ഇനിപ്പറയുന്ന നിബന്ധനകളും വ്യവസ്ഥകളും (T&C) വായിച്ച് മനസ്സിലാക്കിയതായി അക്കൗണ്ട് ഉടമയായ ഞാൻ (ഈ സന്ദർഭത്തിൽ, "ഞാൻ", "എന്റെ" എന്നത് അക്കൗണ്ടിന്റെ എല്ലാ ഉടമകളെയും സൂചിപ്പിക്കുന്നു) ഇതിനാൽ സമ്മതിക്കുന്നു, കൂടാതെ T&C-ലെ ഏത് പുനരവലോകനങ്ങളും www.axisbank.com എന്ന വെബ്സൈറ്റിൽ നിന്നു മാത്രമേ ആക്സസ് ചെയ്യാനാകു എന്നും ഞാൻ മനസ്സിലാക്കുന്നു.

അക്കൗണ്ട് തുറക്കൽ ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളും ഞാൻ സമർപ്പിച്ച വിവരങ്ങളുടെ/രേഖകളുടെ സ്ഥിരീകരണത്തിന് വിധേയമാണ്. ഏതെങ്കിലും കാരണത്താൽ അക്കൗണ്ട് തുറക്കുവാൻ സാധിക്കാത്ത പക്ഷം, ഞാൻ/ഞങ്ങൾ തുടക്കത്തിൽ 20,000 രൂപയോ അതിൽ കൂടുതലോ പണം നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ, ആയത് ഒരു ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി), ചെക്ക് അല്ലെങ്കിൽ തപാൽ ഓർഡർ (പിഒ) രൂപത്തിൽ മാത്രം എനിക്ക് റീഫണ്ട് ചെയ്യപെടുന്നതായിരിക്കും. പാകിസ്ഥാനിൽ നിന്നുള്ള ഒരു സ്ഥാപനത്തിന് അതിന്റെ പ്രോജക്ട് ഓഫീസിനായി ഒരു അക്കൗണ്ട് സ്ഥാപിക്കുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതി ആവശ്യമാണ്. നിലവിലുള്ള ഉപഭോക്തൃ ഐഡി :നിലവിലുള്ള ഉപഭോക്താക്കൾ അവരുടെ കസ്റ്റമർ ഐഡി പ്രഖ്യാപിക്കുകയും പുതിയ ഇടപാടുകാരായി അപേക്ഷിക്കുകയും ചെയ്യുന്നില്ലെങ്കിൽ, എനിക്ക്/ഞങ്ങൾക്ക് മുൻകൂർ അറിയിപ്പ് നൽകാതെ, ഉചിതമെന്ന് കരുതുന്ന കസ്റ്റമർ ഐഡികൾ ലയിപ്പിക്കാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമായിരിക്കും.

**സേവനങ്ങൾ:** ആക്സിസ് ബാങ്ക് അതിന്റെ കഴിവിന്റെ പരമാവധി എല്ലാ സേവനങ്ങളും നൽകും. എനിക്ക്/ഞങ്ങൾക്ക് ആക്സസ് ചെയ്യാവുന്ന സേവനങ്ങളുടെ സമഗ്രമായ ലിസ്റ്റ് www.axisbank.com-ൽ കാണാം.

**ഫീസുകളും ചാർജുകളും:** ചാർജുകളുടെ ഷെഡ്യൂളിലും www.axisbank.com എന്ന വെബ്സൈറ്റിലും വിവരിച്ചിരിക്കുന്നതുപോലെ, എന്റെ അക്കൗണ്ടിനും ഞാൻ ഉപയോഗിക്കുന്ന മറ്റ് സേവനങ്ങൾക്കും എന്നിൽ നിന്നും ഫീസും നിരക്കുകളും ഈടാക്കപ്പെടുന്നതായിരിക്കും. എല്ലാ ഫീസുകളിലും ചരക്ക് സേവന നികുതിയും ബാധകമായ മറ്റ് നിയമപരമായ ചാർജുകളും ചുമത്തപെടുന്നതായിരിക്കും.

**ഫീസ് നിരക്കുകൾ സേവനം എന്നിവയിലെ മാറ്റം:** ഫീസ്, നിരക്കുകൾ, സേവനങ്ങൾ, അല്ലെങ്കിൽ പലിശ നിരക്കുകൾ എന്നിവയുമായി ബന്ധപ്പെട്ട എന്തെങ്കിലും മാറ്റങ്ങളോ നിർത്തലുകളോ കത്ത്, SMS, വെബ്സൈറ്റ്, ഇമെയിൽ അല്ലെങ്കിൽ മറ്റ് മാർഗങ്ങളിലൂടെ കുറഞ്ഞത് 30 ദിവസം മുമ്പെങ്കിലും എന്നെ അറിയിക്കുന്നതായിരിയ്ക്കും.

**റിക്കവറി:** അക്കൗണ്ടിൽ ഫീസുകളോ ചാർജുകളോ അടയ്ക്കുന്നതിന് മതിയായ തുക ഇല്ലെങ്കിൽ, കുടിശ്ശികയുള്ള തുക തീർപ്പാക്കാൻ കളക്ഷൻ വരുമാനമോ നിക്ഷേപങ്ങളോ ഉൾപ്പെടെ ലഭ്യമായ ഏതെങ്കിലും ക്രെഡിറ്റ് ഉപയോഗിക്കാൻ ഞാൻ ആക്സിസ് ബാങ്കിനെ അധികാരപ്പെടുത്തുന്നു.

**അക്കൗണ്ട് ഫ്രീസ്:** നിർദ്ദിഷ്ട സാഹചര്യങ്ങളിൽ എന്റെ അക്കൗണ്ട് മരവിപ്പിക്കാൻ ഞങ്ങൾ ബാങ്കിനെ അധികാരപ്പെടുത്തുന്നു, മറ്റുവിധത്തിൽ പ്രസ്താവിച്ചിട്ടില്ലാത്ത പക്ഷം ആയത് എന്നെ അറിയിക്കുന്നതായിരിക്കും. എ. എന്റെ അക്കൗണ്ടിലെ പണം, ചെക്കുകൾ, ഡിഡികൾ, കൂടാതെ NEFT, RTGS എന്നിവ ഉൾപ്പെടെയുള്ള എന്തെങ്കിലും നിക്ഷേപങ്ങളോ ഇടപാടുകളോ ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നില്ലെന്ന് ബാങ്ക് സംശയിക്കുന്ന പക്ഷം, ബാങ്കിന് എന്റെ അക്കൗണ്ട് മരവിപ്പിക്കാവുന്നതാണ്. അത്തരം നിക്ഷേപങ്ങൾക്കോ ഇടപാടുകൾക്കോ ഞാൻ ഉത്തരവാദിയിരിക്കും. ബി. എന്റെ അക്കൗണ്ട് ഒരു മണി മ്യൂൾ എന്ന നിലയിലോ അല്ലെങ്കിൽ അനധികൃത പണമിടപാടിനു വേണ്ടിയോ ഏതെങ്കിലും നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കോ വേണ്ടി ഉപയോഗിക്കുന്നതായി സംശയം ഉയർന്നാൽ (അത്തരം സന്ദർഭങ്ങളിൽ എനിക്ക് യാതൊരു വിധ അറിയിപ്പും ലഭിക്കുന്നതല്ല)

**അക്കൗണ്ട് ക്ലോസ് ചെയ്യുന്നത്:** ഇനി പറയുന്ന സാഹചര്യങ്ങളിൽ എനിക്കു യാതൊരു വിധ അറിയിപ്പും നൽകാതെ തന്നെ എന്റെ അക്കൗണ്ട് ക്ലോസ് ചെയ്യാൻ ഞാൻ ബാങ്കിനെ അധികാരപ്പെടുത്തുന്നു. എ) മൂന്നു മാസമോ അതിൽ അധികമോ അക്കൗണ്ട് ബാലൻസ് പൂജ്യം ആയി തുടരുന്ന പക്ഷം; ബി) എന്റെ അക്കൗണ്ടിൽ നിന്നും സ്ഥിരമായി പേയ്മെന്റുകൾ മടങ്ങുന്ന പക്ഷം; സി) കാലാകാലങ്ങളിൽ ബാധകമായേക്കാവുന്ന ഏതെങ്കിലും കോടതി, സ്റ്റാറ്റ്യൂട്ടറി അല്ലെങ്കിൽ റെഗുലേറ്ററി അതോറിറ്റികൾ പുറപ്പെടുവിച്ച ഉത്തരവുകൾ, നിർദ്ദേശങ്ങൾ അല്ലെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയ്ക്ക് അനുസൃതമായി ബാങ്ക് നിർണ്ണയിക്കുന്ന മറ്റ് സന്ദർഭങ്ങളിൽ.

**ഇടപാടുകൾ:** നിലവിലെ റെഗുലേറ്ററി മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി, ബാങ്ക് വ്യക്തമാക്കിയിട്ടുള്ള അംഗീകൃത ചാനലുകളിലൂടെ മാത്രമേ, ഞാൻ ആക്സിസ് ബാങ്കിന് സാമ്പത്തികമോ സാമ്പത്തികേതരമോ ആയ അക്കൗണ്ട് നിർദ്ദേശങ്ങൾ (ഉദാ. ചെക്ക് ബുക്ക്/കാർഡ് വിതരണം, സാമ്പത്തിക ഇടപാടുകൾ, വ്യക്തിഗത വിവരങ്ങൾ അപ്ഡേറ്റ് ചെയ്യൽ തുടങ്ങിയവ) നൽകുകയുള്ളു. അംഗീകൃത ചാനലുകളിലൂടെ അല്ലാതെ ലഭിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ ആക്സിസ് ബാങ്ക് ബാധ്യസ്ഥരല്ല, എന്നാൽ അസാധാരണമായ സാഹചര്യങ്ങളിൽ അപ്രകാരമുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കാനുള്ള അവകാശം ബാങ്കിന്റെ വിവേചനാധികാരത്തിൽ നിക്ഷിപ്തമായിരിക്കും.

**ചാനൽ സൗകര്യം:** ചാനൽ സേവന സൗകര്യത്തിലേക്ക് പ്രവേശനം തേടുന്ന അംഗീകൃതമല്ലാത്ത ഒപ്പിടുന്നയാൾ ചാനൽ രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച് ആവശ്യമായ അനുബന്ധ രേഖകളോടൊപ്പം സമർപ്പിക്കണം.

**ചെക്ക് ബുക്ക്:** ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ നാല് തവണ പണമില്ലാത്തതിനാൽ 1 കോടിയോ അതിൽ കൂടുതലോ ഉള്ള ചെക്കുകൾ മടങ്ങിയാലോ ഒരു പാദത്തിൽ എട്ട് തവണയായി ഒരു കോടിയിൽ താഴെയുള്ള ചെക്കുകൾ മതിയായ ഫണ്ടില്ലാത്തതിനാൽ മടങ്ങിയാലോ പുതിയ ചെക്ക്ബുക്ക് നൽകുന്നതല്ല.

**ഡെബിറ്റ് കാർഡ്:** ആക്സിസ് ബാങ്ക് നൽകുന്ന എല്ലാ സേവനങ്ങളും www.axisbank.com എന്ന വെബ്സൈറ്റിൽ വിവരിച്ചിരിക്കുന്ന നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു. ഏതെങ്കിലും മൂന്നാം കക്ഷിക്ക് പാസ്‌വേഡുകൾ, PIN-കൾ അല്ലെങ്കിൽ ഐഡികൾ/TFCconnect പോലുള്ള തന്ത്രപ്രധാനമായ വിവരങ്ങൾ വെളിപ്പെടുത്തുന്നത് വഴി ഉണ്ടാകുന്ന ഏതെങ്കിലും വഞ്ചനാപരമായ പ്രവർത്തനത്തിന് ആക്സിസ് ബാങ്ക് ഉത്തരവാദിയായിരിക്കില്ല.